*നമ്പർ : എൽ.എഫ്. 9811/എസ്.എസ്.2/2012.*

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
ഫോൺ നമ്പർ: 0471-2303640
തീയതി : 21.05.2012.
localfundauditdlfa@yahoo.in

# സർക്കുലർ നമ്പർ : 06/2012.

വിഷയം : ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്-ഓഡിറ്റ് മാന്വൽ തയ്യാറാക്കൽ-പാനൽ രൂപീകരണം-സംബന്ധിച്ച്.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നിരവധി കർമ്മ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. വകുപ്പിലെ എല്ലാ തലത്തിലുമുള്ള ജീവനക്കാർക്കും പരിശീലനം നടന്നുകൊണ്ടിരിക്കുന്നു. സമഗ്രമായ ഓഡിറ്റ് മാന്വലിന്റെ അഭാവം വകുപ്പിന്റെ ദൈനംദിന പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു എന്ന തിരിച്ചറിവിൽ നമ്മുടെ അടുത്ത ഉദ്യമം ഓഡിറ്റ് മാന്വൽ തയ്യാറാക്കുകയാണ്. ഈ വിഷയം 13.04.2012 ന് ഡയറക്ടറേറ്റിൽ ചേർന്ന യോഗത്തിൽ ചർച്ച ചെയ്യുകയും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തു. വകുപ്പ് ഓഡിറ്റ് ചെയ്യുന്ന എല്ലാ മേഖലയേയും സംബന്ധിച്ച് സമഗ്രമായ ഓഡിറ്റ് മാന്വൽ തയ്യാറാക്കുന്നതിനുള്ള നമ്മുടെ പ്രോജക്ട് റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

നമ്മുടെ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരുടെയും പൂർണ്ണ സഹകരണം ഉണ്ടെങ്കിൽ മാത്രമേ ഈ ഉദ്യമം വിജയിപ്പിക്കാൻ സാധിക്കുകയുള്ളൂ. അതിനു താൽപ്പര്യമുള്ള ഉദ്യോഗസ്ഥരെ കണ്ടെത്തേണ്ടതുണ്ട്. വകുപ്പ് ഓഡിറ്റ് ചെയ്യുന്ന എല്ലാ മേഖലകളിലെയും വിഷയങ്ങൾ ഓഡിറ്റ് മാന്വലിൽ ഉൾപ്പെടുത്തുന്നതാണ്.

താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ മലയാളത്തിലാണ് ഓഡിറ്റ് മാന്വൽ തയ്യാറാക്കുന്നത്.

- ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്
- ഓഡിറ്റ്
- പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾ
- മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ
- സർവ്വകലാശാലകൾ
- ക്ഷേമനിധിബോർഡുകൾ
- ദേവസ്വംബോർഡുകൾ
- കോടതികൾ
- സ്പോർട്സ് കൗൺസിൽ, ലൈബ്രറി കൗൺസിൽ
- സാംസ്ക്കാരിക സ്ഥാപനങ്ങൾ
- സർക്കാർ ധനസഹായം ലഭിക്കുന്ന സ്ഥാപനങ്ങൾ
- മറ്റ് സ്ഥാപനങ്ങൾ

80 പേരടങ്ങുന്ന പാനൽ തയ്യാറാക്കി അവരിൽ നിന്ന് തെരഞ്ഞെടുക്കുന്ന 40 പേരെയാണ് മാന്വൽ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തുന്നത്. ഓരോ ഓഫീസിലെയും ജീവനക്കാരിൽ നിന്നും മികവും, കാര്യശേഷിയുള്ളവരെ കണ്ടെത്തി ഇതോടൊപ്പമുള്ള നാമനിർദ്ദേശഫോറത്തിൽ 05.06.2012-നകം ഇ-മെയിലായും, കത്തു വഴിയും അറിയിക്കേണ്ടതാണ്. സെലക്ഷൻ ഗ്രേഡ് ഓഡിറ്റർ, ഓഡിറ്റ് ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ, ജോയിന്റ് ഡയറക്ടർ എന്നീ വിഭാഗത്തിലുള്ള ഉദ്യോഗസ്ഥരെയാണ് **രചനാ ശിൽപ്പശാല**യിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. ഓഡിറ്റ് മാന്വൽ തയ്യാറാക്കുന്നതിന് ഓരോ ഓഫീസിന്റെയും വ്യക്തികളുടെയും അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു. അഭിപ്രായങ്ങൾ 15.06.2012-നകം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് മാന്വൽ തയ്യാറാക്കുന്നതിന് തെരഞ്ഞെടുക്കുന്നവർക്ക് പ്രാരംഭ പരിശീലനത്തിനുശേഷം രചനാ ശിൽപ്പശാലയിലൂടെ മാന്വൽ തയ്യാറാക്കാനാണ് ഉദ്ദേശിക്കുന്നത്. ശിൽപ്പശാലയിൽ പങ്കെടുക്കുന്നവരെ ഓഫീസ്/ഓഡിറ്റ് ജോലികളിൽ നിന്ന് വിടുതൽ ചെയ്ത് അതിനുവേണ്ടി പ്രത്യേകം നടത്തുന്ന ക്യാമ്പിൽ ഉൾപ്പെടുത്തുന്നതാണ്. തെരഞ്ഞെടുക്കുന്നവർക്ക് യാത്രാബത്തക്കും, പ്രത്യേക ഹോണറേറിയത്തിനും അർഹതയുണ്ടായിരിക്കും.

ഓഡിറ്റ് മാന്വൽ സമയബന്ധിതമായി തയ്യാറാക്കേണ്ടതുണ്ട്. മൂന്ന് മാസത്തിനകം മാന്വൽ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന വിധത്തിലുള്ള സമയക്രമമാണ് നിശ്ചയിച്ചിരിക്കുന്നത്. അതിനുമുമ്പ് തന്നെ ടീം രൂപവൽക്കരിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അതിനാൽ താഴെ കൊടുത്തിരിക്കുന്ന സമയക്രമം പ്രത്യേകം പാലിക്കേണ്ടതാണ്.

*ഉപകാര്യാലയത്തിൽ നിന്നും നാമനിർദ്ദേശം ലഭിക്കേണ്ട അവസാന തീയതി 05.06.2012*

*ഓഡിറ്റ് മാന്വൽ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ട അവസാന തീയതി 15.06.2012.*

ഓഡിറ്റ് മാന്വലുമായി ബന്ധപ്പെട്ട് ഉപകാര്യാലയങ്ങളിൽ നിന്നും ഡയറക്ടർക്കുള്ള എല്ലാ കത്തിടപാടുകളും മറ്റൊരു നിർദ്ദേശമുണ്ടാകുന്നതുവരെ *ശ്രീ.പി.ചന്ദ്രമോഹൻ, ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം 695033* എന്ന വിലാസത്തിലും ഇ-മെയിൽ *dlfaauditmanual@gmail.com* ലും അയയ്ക്കുക.

പാനലിലേക്ക് ശുപാർശ ചെയ്യുന്നവർ കഴിയുന്നതും അതാത് ഓഫീസുകളിലെ ഓഡിറ്റുമായി ബന്ധപ്പെട്ട വിഷയങ്ങളിലേക്കായിരിക്കണം ശുപാർശ ചെയ്യേണ്ടത്. ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, മുനിസിപ്പാലിറ്റി നിയമം, പഞ്ചായത്ത് രാജ് നിയമം എന്നീ വിഷയങ്ങളിൽ കൂടുതൽപേർ താൽപ്പര്യം കാണിക്കുന്നത് സ്വാഭാവികമാണ്. എന്നാൽ വകുപ്പിന്റെ മറ്റ് പ്രവർത്തന മേഖലകളിലും ആവശ്യമായ നോമിനേഷനുകൾ ഉണ്ടാകാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഓരോ ഓഫീസിൽ നിന്നും ഓഫീസ് മേധാവി അനുബന്ധമായി നൽകിയിട്ടുള്ള മാതൃകാ ഫോറത്തിലാണ് നോമിനേഷൻ സമർപ്പിക്കേണ്ടത്.

നമ്മുടെ വകുപ്പിന്റെ ഗുണപരമായ മാറ്റങ്ങൾക്ക് വലിയ മുതൽക്കൂട്ടാകുമെന്ന് കരുതുന്ന ഓഡിറ്റ് മാന്വൽ തയ്യാറാക്കുന്നതിന് വകുപ്പിനകത്തെ കാര്യശേഷിയും, മികവുമുള്ളവരെ കണ്ടെത്തി അവരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് താങ്കളുടെയും സഹപ്രവർത്തകരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

ഒപ്പ്
**ഡയറക്ടർ**
**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്**

അംഗീകാരത്തോടെ

**ഓഡിറ്റ് ഓഫീസർ**

*ഉള്ളടക്കം:*
*നാമനിർദ്ദേശഫോറം.*

*പകർപ്പ്:*
1. *എല്ലാ ഉപകാര്യാലയമേധാവികൾക്കും*
2. *ജോയിന്റ് ഡയറക്ടർമാർ, ഡയറക്ടറേറ്റ്*
3. *ഡെപ്യൂട്ടി ഡയറക്ടർമാർ, ഡയറക്ടറേറ്റ്*
4. *ഡയറക്ടറുടെ സി.എ.*

# ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്

## ഓഡിറ്റ് മാന്വൽ-നാമനിർദ്ദേശഫോറം

| ഉദ്യോഗസ്ഥൻ/<br>ഉദ്യോഗസ്ഥയുടെ പേര് | തസ്തിക | വീട്ടുവിലാസം/<br>ഇ-മെയിൽ | ഫോൺ<br>നമ്പർ | താൽപ്പര്യമുള്ള<br>വിഷയം/വിഷയങ്ങൾ |
|---|---|---|---|---|
| | | | | |

ഒപ്പ്

ഓഫീസ് തലവൻ